compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മാർച്ച് 31
Tuesday, 31st March 2026

1201 മീനം 17
17th Meenam 1201

1948 ചൈത്രം 10
10th Chaithra 1948

വാല്യം 15
Vol. XV

നമ്പർ **13**
No.

Part III

Forest and Wildlife Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സൈലന്റ്‌വാലി ഡിവിഷൻ

ഇ-ലേല പരസ്യം

നമ്പർ KFDDO/6383/2026-WLDSVNP/SV3. 2026 മാർച്ച് 26.

സൈലന്റ്‌വാലി ഡിവിഷനിലെ സൈലന്റ്‌വാലി നാഷണൽ പാർക്ക് റെയിഞ്ചിലെ ചെറിയ തോണിക്കാട് ബിറ്റിനോട് ചേർന്നുവരുന്ന സ്വകാര്യസ്ഥലത്തെ കൃഷിഭൂമിയിലെ കാർഷിക വിളകളുടെ മേലെ ചാഞ്ഞുനിൽക്കുന്ന കൃഷിക്ക് തടസ്സമായ ഒരു മരുത് മരവും ഒരു ഇരൂൾ മരവും താഴെ പറയുന്ന തീയതിയിൽ 16-9-2014-ലെ പാർട്ട് III വാല്യം III 36-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 21-8-2014-ലെ പ്രൊ.(4)-29243/2013 നമ്പർ നിബന്ധനകളും, 4-11-2014-ലെ വാല്യം III പാർട്ട് III, 43-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 17-10-2014-ലെ പ്രൊ.(4)-29243/2013 നമ്പർ നിബന്ധനകളും, 24-2-2015-ലെ കേരള സർക്കാർ ഗസറ്റ് വാല്യം IV, പാർട്ട് III, 8-ാം നമ്പർ പ്രകാരമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരത്തിന്റെ 3-2-2015-ലെ പ്രൊ.(4)-29243/2013 നമ്പർ വിജ്ഞാപനങ്ങൾക്കും, 15-1-2014-ലെ ജി. ഒ.(എം. എസ്.) നമ്പർ 22/2014/വനം നമ്പർ സർക്കാർ ഉത്തരവിനും വിധേയമായി ഇ-ലേലം ചെയ്ത് വിൽക്കുന്നതാണ്. MSTC കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

മരങ്ങളുടെ വിശദവിവരങ്ങൾ

ക്രമ നമ്പർ	ലൊക്കേഷൻ	മരത്തിന്റെ ഇനം	എണ്ണം	ലഭിക്കാവുന്ന തടിയുടെ ഉദ്ദേശ അളവ് (M^3)	ലഭിക്കാവുന്ന വിറകിന്റെ ഉദ്ദേശ അളവ് (MT)
1	സൈലന്റ്‌വാലി നാഷണൽ പാർക്ക് റെയിഞ്ചിലെ ചെറിയ	മരുത്	1	0.352	0.377
2	തോണിക്കാട് ബിറ്റ്	ഇരൂൾ	1	0.314	0.289

ഇ-ലേല തീയതി—7-4-2026.

നിരതദ്രവ്യം—₹ 25,000.

ഇ-ലേലം ചെയ്യുന്ന മരങ്ങൾ, വിറക് എന്നിവയ്ക്ക് ₹25,000 നിരതദ്രവ്യം ഇ-ട്രഷറി മുഖേനയോ, സൈലന്റ്‌വാലി വൈൽഡ് ലൈഫ് വാർഡന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മണ്ണാർക്കാട് ശാഖയിൽ നിന്നും മാറത്തക്കവിധം ഡിമാന്റ് ഡ്രാഫ്റ്റായോ സൈലന്റ്‌വാലി വൈൽഡ് ലൈഫ് വാർഡന്റെ പേരിൽ അടയ്ക്കാവുന്നതും ചലാൻ/ഡിമാന്റ ഡ്രാഫ്റ്റ് ലേലത്തിന്റെ തലേദിവസം ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി സൈലന്റ്‌വാലി വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതുമാണ്. ഇ-ലേലത്തിൽ പങ്കുകൊള്ളുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ, നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ക്രമപ്രകാരമുള്ള ലോട്ടുകളുടെ ഇ-ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

വിജയിയായ ലേലക്കാരൻ ലേലവിലയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) പ്രവൃത്തിദിവസത്തിനകം അടക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെയോ സൈലന്റ്‌വാലി വൈൽഡ്‌ലൈഫ് വാർഡന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മണ്ണാർക്കാട് ശാഖയിൽ നിന്നും മാറത്തക്കവിധം ഡിമാന്റ് ഡ്രാഫ്റ്റായോ, മണ്ണാർക്കാട് സബ് ട്രഷറിയിൽ ചലാൻ മുഖേനയോ അടയ്ക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കകം ഇ-ലേലം കൊണ്ട വസ്തുവിന്റെ ബാക്കി തുക അടയ്ക്കാൻ വീഴ്ച വരുത്തിയാൽ ലേലക്കാരന്റെ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയത് ഒരു കാരണവശാലും തിരിച്ചുനൽകാത്തതുമാണ്. ബാങ്കുകൾ ഡിമാന്റ് ഡ്രാഫ്റ്റ് മാറ്റുന്നതിന് ഏതെങ്കിലും കമ്മീഷൻ ഈടാക്കുകയാണെങ്കിൽ അത് ലേലക്കാരൻ നൽകേണ്ടതാണ്.

ഇ-ലേല നിബന്ധനകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), തിരുവനന്തപുരം എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഇ-ലേലത്തിനും ബാധകമായിരിക്കുന്നതും ടി വിവരം ഇ-ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള പലജാതി മരങ്ങളുടെ അളവിൽ മാറ്റം വരുത്തുന്നതിനോ മറ്റൊരറിയിപ്പ് കൂടാതെ ഇ-ലേലം റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം സൈലന്റ് വാലി വൈൽഡ്ലൈഫ് വാർഡനിൽ നിക്ഷിപ്തമായിരിക്കും.

ഇ-ലേലം സംബന്ധിച്ച വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽവിലാസങ്ങളിൽ/ ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

വൈൽഡ്ലൈഫ് വാർഡൻ,
സൈലന്റ് വാലി ഡിവിഷൻ,
മണ്ണാർക്കാട്, പാലക്കാട് ജില്ല,
ഫോൺ നമ്പർ 04924-222056
ഇ മെയിൽ : ww-svnp.for@kerala.gov.in

അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ
സൈലന്റ് വാലി നാഷണൽ പാർക്ക്
മുക്കാലി, പാലക്കാട് ജില്ല.
ഫോൺ നമ്പർ 04924-253225
ഇ മെയിൽ : silentvalleyrange@gmail.com

നിബന്ധനകൾ

1. ഇ-ലേലം ഒരു നിശ്ചിത തുകയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. പട്ടികയിലെ നിൽപ്പ് മരങ്ങൾ വിൽപ്പനയിലൂടെ നീക്കം ചെയ്യൽ സംബന്ധിച്ച ജോലിയ്ക്ക് വേണ്ടിയാണ് ഇത് തീരുമാനിച്ചിരിക്കുന്നത്.

2. ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുൻപായി മരങ്ങളുടെ നിൽപ്പ് സ്ഥിതി കണ്ട് ബോദ്ധ്യപ്പെടേണ്ടതും, ആക്ഷേപങ്ങളോ, പരാതികളോ ഉണ്ടെങ്കിൽ ലേലത്തിന് മുൻപായി രേഖാമൂലം സമർപ്പിക്കേണ്ടതുമാണ്. ലേലത്തിനുശേഷം അവ സംബന്ധിച്ച് യാതൊരു പരാതികളും പരിഗണിക്കുന്നതല്ല.

3. കൂടുതൽ വിവരങ്ങൾ മണ്ണാർക്കാട് സൈലന്റ് വാലി ഡിവിഷൻ ഓഫീസിലോ, സൈലന്റ് വാലി നാഷണൽ പാർക്ക് റെയിഞ്ച് ഓഫീസിലോ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അന്വേഷിച്ചാൽ അറിയാവുന്നതാണ്.

4. കൂടുതൽ തുകയ്ക്ക് ഇ-ലേലം കൊള്ളുന്ന ആൾ മൊത്തം ലേലത്തുകയുടെ 35% തുകയും, 10% ഡെപ്പോസിറ്റും ലേലം അംഗീകരിച്ച് 7 പ്രവൃത്തി ദിവസങ്ങൾക്കകം ഒടുക്കേണ്ടതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതും ടി മരങ്ങൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.

5. ഇ-ലേലം കൊള്ളുന്ന ആൾക്ക് പ്രസ്തുത മരങ്ങൾക്ക് മാത്രം അവകാശമുള്ളതും മറ്റ് മരങ്ങൾക്ക് അവകാശമില്ലാത്തതുമാകുന്നു.

6. ഇ-ലേലത്തിൽ പങ്കെടുത്ത് കൂടുതൽ തുകയ്ക്ക് ലേലം കൊള്ളുന്ന ആൾ ₹ 200 മുദ്രപത്രത്തിൽ ഒരു ബൗണ്ടൻ ഉടമ്പടി കൂടി ലേലം അംഗീകരിച്ച് 7 പ്രവൃത്തി ദിവസങ്ങൾക്കകം ഒപ്പുവയ്ക്കേണ്ടതാണ്.

7. ഇ-ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി തുകയും മൊത്തം തുകയുടെ 5% എഫ്.ഡി.ടി യും, വിലയും എഫ്.ഡി.ടി.യും ചേർന്ന തുകയുടെ 18% ജി.എസ്.ടി.യും, വിലയും, ജി.എസ്.ടി.യും, എഫ്.ഡി.ടി.യും ഉൾപ്പെടുന്ന തുകയുടെ 2.5% ആദായ നികുതിയും (പാൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാർഡ് ഇല്ലാത്തവർ 20% ആദായ നികുതി ഒടുക്കേണ്ടതാണ്) ഒടുക്കി മൊത്തം ലേലത്തുകയുടെ 10% സെക്യൂരിറ്റി ഡിപ്പോസിറ്റും വച്ച് നിയമാനുസൃത തുകയ്ക്കുള്ള മുദ്രപത്രത്തിൽ ഉടമ്പടി വയ്ക്കേണ്ടതാണ്. ടി കാലാവധിക്കുള്ളിൽ ടി തുകകൾ ഒടുക്കാൻ കഴിയാതെ വന്നാൽ 18% പലിശ നിരക്കിൽ തുകകൾ ഒടുക്കുന്നതിന് 30 ദിവസത്തേക്കും, 24% പലിശ നിരക്കിൽ വീണ്ടും 30 ദിവസത്തേക്കും വൈൽഡ് ലൈഫ് വാർഡന് യുക്തംപോലെ കാലാവധി നീട്ടിക്കൊടുക്കാവുന്നതാണ്.

8. മുകളിലെ വ്യവസ്ഥ പ്രകാരം നീട്ടിക്കൊടുത്ത കാലാവധിക്കുള്ളിലും തുക ഒടുക്കി എഗ്രിമെന്റ് വയ്ക്കുന്നതിന് വീഴ്ച്ച വരുത്തിയാൽ ലേലക്കാരൻ ഒടുക്കിയിട്ടുള്ള എല്ലാ തുകയും സർക്കാരിലേക്ക് കണ്ടുകെട്ടി ലേലം റദ്ദ് ചെയ്യുന്നതും, ലേലക്കാരന്റെ നഷ്ടത്തരവാദിത്വത്തിൽ ടി മരങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലം ചെയ്യുമ്പോൾ ലാഭം ഉണ്ടാകുകയാണെങ്കിൽ ആയതിന് ലേലക്കാരന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. പുനർലേലത്തിലുണ്ടാകുന്ന എല്ലാ നഷ്ടങ്ങളും വീഴ്ചക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

9. ഉടമ്പടി കാലാവധി, ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 30 ദിവസമാണ്. സാധാരണ ഗതിയിൽ മരം മുറിച്ച് കടത്തിക്കൊണ്ടു പോകുന്നതിനുള്ള കാലാവധി നീട്ടിക്കൊടുക്കുന്നതല്ല. എന്നാൽ പ്രത്യേക സാഹചര്യത്തിലും മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിലും സൈലന്റ് വാലി ഡിവിഷൻ വൈൽഡ്ലൈഫ് വാർഡന് രണ്ട് മാസം വരെ നിയമാനുസൃതമായ പിഴ ഈടാക്കിക്കൊണ്ട് കാലാവധി നീട്ടിക്കൊടുക്കുന്നതാണ്.

10. ഇപ്രകാരം നീട്ടി നൽകുന്ന തീയതിക്കുള്ളിലും മുറിച്ച് നീക്കം ചെയ്യാതെ നിൽക്കുന്ന മരങ്ങളും, മുറിച്ച് നീക്കം ചെയ്യാതെ കിടക്കുന്ന തടിയും വിറകും കണ്ടുകെട്ടി സർക്കാരിലേക്ക് മുതൽകൂട്ടുന്നതും കരാറുകാരന് ആയവയിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്. ഉടമ്പടിക്കാരൻ ചെയ്തു തീർക്കുവാനുള്ള ബാക്കി ജോലികൾ ഡിപ്പാർട്ടുമെന്റ് ചെയ്യിക്കുന്നതും ആയതിൽ വച്ചുണ്ടാകുന്ന മുഴുവൻ ചെലവും ഉടമ്പടിക്കാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

11. ടി മരങ്ങളിൽ നിന്നും ശേഖരിച്ച് വയ്ക്കുന്ന തടിയും, വിറകും നീക്കം ചെയ്യാനുള്ള ലൈസൻസ് നൽകുന്നത് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

12. സൈലന്റ് വാലി ഡിവിഷൻ വൈൽഡ് ലൈഫ് വാർഡന്റെയോ സൈലന്റ് വാലി നാഷണൽ പാർക്ക് റെയിഞ്ച് അസിസ്റ്റന്റ് വൈൽഡ്ലൈഫ് വാർഡന്റേയോ രേഖാമൂലമുള്ള അനുമതിയോടുകൂടി മാത്രമേ കരാറുകാരനോ, അയാളുടെ ആളുകളോ വനത്തിൽ പ്രവേശിക്കാൻ പാടുള്ളൂ.

13. യാതൊരു കാരണവശാലും പ്ലാന്റേഷനിലേയോ, റിസർവ്വിലേയോ മറ്റ് മരങ്ങൾക്കും, തടികൾക്കും, സമീപമുള്ള വീടുകൾക്കും, വിളകൾക്കും കേടുപാടുകളോ നാശനഷ്ടങ്ങളോ വരുത്താൻ പാടില്ല. അങ്ങിനെ ഉണ്ടാകുന്ന നഷ്ടത്തിന് കരാറുകാരൻ പൂർണ്ണ ഉത്തരവാദിയാകുന്നതാണ്.

14. കരാർ പ്രകാരമുള്ള ജോലിയുടെ നിർവ്വഹണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ പ്രസ്തുത ജോലിക്കായി കരാറുകാരൻ ഏർപ്പെടുത്തുന്ന തൊഴിലാളികൾക്കോ മറ്റ് ജോലിക്കാർക്കോ ഉണ്ടായേക്കാവുന്ന അപകടം, മരണം തുടങ്ങിയവയ്ക്കും കരാറുകാരന്റെയോ മറ്റുള്ളവരുടെയോ സാധന സാമഗ്രികൾക്കോ, യന്ത്രങ്ങൾക്കോ, വാഹനങ്ങൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും വനംവകുപ്പോ, കേരള സർക്കാരോ യാതൊരുവിധത്തിലും ഉത്തരവാദിയായിരിക്കുന്നതല്ലാത്തതും, അത്തരം സംഭവങ്ങളുടെ ഉത്തരവാദിത്വം കരാറുകാരന് മാത്രമായിരിക്കുന്നതുമാണ്. അവിചാരിതമായ കാരണങ്ങളാലോ, മോശമായ കാലാവസ്ഥമൂലമോ ഉടമ്പടി കാലാവധിക്കുള്ളിൽ ഉൽപ്പന്നങ്ങൾ നീക്കം ചെയ്ത് കൊണ്ടുപോകാൻ കഴിയാതെ വന്നാൽ നിയമാനുസൃത തറവാടക ഉടമ്പടിക്കാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.

15. മരത്തിന് 0.4 കി.മീറ്റർ (2 ഫർലോംഗ്) ചുറ്റളവിൽ സംഭവിക്കുന്ന എല്ലാവിധ അനധികൃത കുറ്റകൃത്യങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയാകുന്നതാണ്. അനധികൃത കുറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം ഫോറസ്റ്റ് ഉദ്യോഗസ്ഥരെ ഉടമ്പടിക്കാരൻ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കപ്പെടാവുന്നതാണ്.

16. കരാറുകാരന്റെ സെക്യൂരിറ്റി തുക കാലാവധിക്കുശേഷം സർക്കാരിലേക്ക് ബാദ്ധ്യതകൾ വല്ലതുമുണ്ടെങ്കിൽ ടി തുകയിൽ നിന്നും ഈടാക്കിയതിനുശേഷം ബാക്കി തുക തിരിച്ച് നൽകുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

17. ഇ-ലേലത്തിലെ വകുപ്പുകൾ പ്രകാരം സർക്കാരിലേക്ക് കിട്ടേണ്ടതായ ഏതൊരു തുകയും ഡിപ്പാർട്ടുമെന്റിൽ നിന്നും ആവശ്യപ്പെടുന്ന സമയത്ത് ദർഘാസുകാരൻ/ലേലക്കാരൻ അടയ്ക്കാൻ വീഴ്ച വരുത്തുന്നപക്ഷം പ്രസ്തുത തുക ഭൂനികുതി കുടിശ്ശികയായി പരിഗണിച്ച് നിലവിലുള്ള നിയമപ്രകാരം ഈടാക്കുന്നതാണ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് യുക്തമെന്ന് തോന്നുന്ന മറ്റ് മാർഗ്ഗങ്ങളിൽ കൂടിയും ഈ തുക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

18. സെയിൽ കൂപ്പുകളെ സംബന്ധിച്ച എല്ലാ പൊതുനിബന്ധനകളും ഈ ദർഘാസ്/ലേലത്തിനും ബാധകമായിരിക്കും.

സൈലന്റ് വാലി ഡിവിഷൻ,
മണ്ണാർക്കാട്.

(ഒപ്പ്)
വൈൽഡ്ലൈഫ് വാർഡൻ.
(കേരള ഗവർണ്ണർക്കു വേണ്ടി)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.31 04:33:50 +05:30